ജീവനക്കാരുടെ സ്ഥലം മാറ്റവും നിയമനവും പാലിക്കേണ്ട തത്വങ്ങൾ- പുറത്തിറക്കിയ ഉത്തരവ്

BO(FID)NO. 848/2017(PS-1(A)/3879/2016)TVPM Dtd: 31.03.2017

1. BO PS.I/490/88(78)TVPM Dtd:13.05.1988
2. BO (CM) No 945/2013 (EB &/GI Transfer/2013) Dtd: 24.04.2013
3. BO(FM) No 1343/2013 (EB &/GI Transfer/2013) Dtd: 24.06.2013
4. BO (CMD) No 2153/2016 (PS I(A) GI.Transfer/1809/2012) Dtd: 21.07.2016
5. 10.01.2017 നും 16.01.2017 നും അംഗീകൃത ട്രേഡ് യൂണിയനുകളുമായി നടത്തിയ ചർച്ചകളുടെ മിനുട്ട്സ്

## ഉത്തരവ്

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിലെ തൊഴിലാളികളുടെ അംഗീകൃത പൊതു ട്രേഡ് യൂണിയനുകൾ മേൽപ്പറഞ്ഞ ലക്ഷ്യത്തിനുവേണ്ടി ഓൺലൈൻ ട്രാൻസ്ഫർ സംവിധാനം ഏർപ്പെടുത്തണമെന്നും സ്ഥലമാറ്റത്തിനും നിയമനത്തിനുമുള്ള അടിസ്ഥാന തത്വങ്ങൾ പരിഷ്കരിക്കണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു. ഇതെ തുടർന്ന് 10.01.2017നും 16.01.2017 നും നടന്ന ചർച്ചകളിൽ സ്ഥലമാറ്റവും നിയമനവും സംബന്ധിച്ച തത്വങ്ങൾ അവലോകനം ചെയ്തു. ഈ വിഷയത്തിൽ നില നിൽക്കുന്ന എല്ലാ ഉത്തരവുകളും സർക്കുലറും അസാധുവാക്കിക്കൊണ്ടു

താഴെ പറയുന്ന അടിസ്ഥാന തത്വങ്ങൾ പാലിക്കാൻ തീരുമാനമായി:-

1. 2017 മുതലുള്ള പൊതുസ്ഥലം മാറ്റം ഓൺലൈൻ വഴി നടപ്പാക്കുകയും വിദ്യാലയങ്ങളിലെ വാർഷിക അവധിക്ക് അനുപൂരകമായി ഏപ്രിൽ 30ന് ഉത്തരവ് പുറത്തിറക്കുകയും ചെയ്യും.
നോട്ട്: ഓരോ വർഷവും മാർച്ച് 15നോ അതിന് മുമ്പോ ലഭിച്ച സ്ഥലമാറ്റ അപേക്ഷകൾ മാത്രമേ ആ വർഷത്തെ പൊതു സ്ഥലമാറ്റവുമായി ബന്ധപ്പെട്ട് പരിഗണിക്കൂ. എച്ച്ആർഐഎസ് സോഫ്റ്റ്വെയർ വഴിയായിരിക്കണം സ്ഥലമാറ്റ അപേക്ഷകൾ നൽകേണ്ടത്. സ്ഥലംമാറ്റം / പ്രൊട്ടക്ഷൻ അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള സൗകര്യം എച്ച്ആർഐഎസ്സിൽ എല്ലാ വർഷവും ഫെബ്രുവരി 1 മുതൽ സജ്ജമാക്കും. കംപ്യൂട്ടറിൽ നിന്ന് ലഭിക്കുന്ന സ്ഥലമാറ്റം/പ്രൊട്ടക്ഷൻ അപേക്ഷയുടെ പ്രിന്റൗട്ടുകൾ ഒപ്പിട്ട് തങ്ങളുടെ വാദം ബലപ്പെടുത്തുന്ന അനുബന്ധരേഖകളുടെ അറ്റസ്റ്റ് ചെയ്ത കോപ്പികളുണ്ടെങ്കിൽ അവയ്ക്കൊപ്പം ചേർത്ത് അതത് അക്കൗണ്ട് റെന്ററിങ് യൂണിറ്റുകളിൽ മാർച്ച് 15ന് മുമ്പ് സമർപ്പിക്കണം. അക്കൗണ്ട് റെന്ററിങ് യൂണിറ്റുകളുടെ മേധാവി സ്ഥലംമാറ്റം / പ്രൊട്ടക്ഷൻ അപേക്ഷ വിശദമായി

പരിശോധിക്കുകയും ചീഫ് എഞ്ചിനയർ (എച്ച്ആർഎം)ന് മാർച്ച് 30നകം സമർപ്പിക്കുകയും വേണം അപേക്ഷകളുടെ ശരിയായ പരിശോധനയുടെ ഉത്തരവാദിത്തം അക്കൗണ്ട് റെന്ററിങ് യൂണിറ്റുകളിലെ ഉദ്യോഗസ്ഥർക്കായിരിക്കും. മറ്റേതെങ്കിലും തരത്തിലുള്ള സ്ഥലമാറ്റം/പ്രൊട്ടക്ഷൻ അപേക്ഷകൾ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

II. ജീവനക്കാരെ കഴിവതും അവർ ആവശ്യപ്പെടുന്നതനുസരിച്ച് അവരുടെ വാസസ്ഥലം സ്ഥിതിചെയ്യുന്ന സ്ഥലത്തെ ഓഫീസിലോ, ആ സ്റ്റേഷനുള്ളിൽ വരുന്ന സമീപ ഓഫീസുകളിലെ, ആവശ്യമെങ്കിൽ സമീപ സ്റ്റേഷനിലോ നിയമിക്കണം. ഇത്തരം നിയമനം നടത്തുന്നതിന്, നിർബന്ധമെങ്കിൽ ആ സ്റ്റേഷനിൽ തുടർച്ചയായി ദീർഘകാലം ജോലിയെടുത്തന്നവരെ സ്ഥലം മാറ്റാവുന്നതാണ്. (സമീപ സ്റ്റേഷനുകളുടെ പട്ടിക അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്.

<u>നോട്ട് 1:</u> ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിന്റെ പരിധിയിലുള്ള പ്രദേശമായി പ്രഖ്യാപിച്ച സ്ഥലത്തെയാണ് തൊഴിലാളിയുടെ വാസസ്ഥലം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. അപേക്ഷ സമർപ്പിക്കുമ്പോൾ എച്ച്ആർഐഎസ് സോഫ്റ്റ്വെയറിൽ പ്രഖ്യാപിച്ച സ്ഥലം മാത്രമേ ഈ ആവശ്യത്തിനായി പരിഗണിക്കുകയുള്ളു.

<u>നോട്ട് 2:</u> ജോലിയിൽ ചേരുമ്പോൾ ഓരോ ജിവനക്കാരനും ജീവനക്കാരിയും അവരുടെ വാസസ്ഥലം എവിടെയെന്ന് നിർബന്ധമായും രേഖപ്പെടുത്തണം. താഴെ പറയുന്ന സാഹചര്യങ്ങളിലല്ലാതെ ജീവനക്കാർക്ക് വാസസ്ഥലം മാറ്റാൻ അനുവാദമില്ല.

എ. കുട്ടികൾക്ക് പ്രൊഫഷണൽ കോളേജുകളിലോ ബിരുദാനന്തര കോഴ്സുകൾക്കോ അഡ്മിഷൻ കിട്ടുമ്പോൾ.

ബി. സ്ഥിരതാമസത്തിനായി സ്ഥാവര ആസ്തികൾ ആർജ്ജിക്കുമ്പോൾ.

സി. വിവാഹം ചെയ്യുമ്പോൾ ജീവനക്കാരന്റെ വാസസ്ഥലത്തിന് അകലെ പങ്കാളി താമസിക്കുകയാണെങ്കിൽ

ഡി. ബോർഡിലെ ജിവനക്കാർക്കോ പങ്കാളിക്കോ മക്കൾക്കോ മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ ആവശ്യമെങ്കിൽ

ഇ. ബോർഡ് ജിവനക്കാരുടെ പങ്കാളികൾ മറ്റേതെങ്കിലും സ്ഥലത്ത് താഴെ പറയുന്ന സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നുവെങ്കിൽ.

1. കേന്ദ്ര-സംസ്ഥാന വകുപ്പുകളിൽ അല്ലെങ്കിൽ കേന്ദ്ര-സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ
2. അർധ സർക്കാർ സ്ഥാപനങ്ങൾ/ സർവകലാശാലകൾ/ സർക്കാർ കോളേജുകൾ
3. തദ്ദേശ സ്ഥാപനങ്ങൾ
4. ദേശസാൽകൃത/ ഷെഡ്യൂൾഡ് ബാങ്കുകൾ

5. റജിസ്ട്രാർ ഓഫ് കോ ഓപ്പറേറ്റീവ് സൊസൈറ്റികൾ അംഗീകരിച്ച സഹകരണ സൊസൈറ്റികൾ

6. എയ്ഡഡ് സ്കൂളുകൾ/ അഫിലിയേറ്റഡ് കോളേജുകൾ

7. സ്റ്റാറ്റ്യൂട്ടറി അംഗീകാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ

8. കമ്പനീസ് ആക്ടിന് കീഴിൽ രജിസ്റ്റർ ചെയ്ത കമ്പനികൾ

നോട്ട് 3: സ്റ്റേഷൻ എന്നതിനർത്ഥം ഇലക്ട്രിക്കൽ ഡിവിഷനു കീഴിലെ ഭൂമിശാസ്ത്രപരമായ മേഖല എന്നാണ്. സ്റ്റേഷനു കീഴിലെ എല്ലാ ഓഫീസുകളിലെയും തുടർച്ചയായ സേവനം ആ സ്റ്റേഷനിലെ സേവനമായി കണക്കാക്കും. സ്റ്റേഷൻ സീനിയേറിറ്റി കണക്കാക്കുമ്പോൾ സമീപ സ്റ്റേഷനുകളും പരിഗണിക്കേണ്ട സാഹചര്യത്തിൽ സ്റ്റേഷനിലെ സീനിയോറിറ്റിയിൽ സമീപത്തെ സ്റ്റേഷനുകളിലെ സീനിയോറിറ്റിയും ചേർത്ത് കണക്കാക്കും.

നോട്ട് 4: വാസസ്ഥലം മാറ്റുന്നതിനുള്ള സൗകര്യം ജീവനക്കാർ ദുരുപയോഗിക്കാൻ പാടില്ല. അത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ബോർഡ് അത് ഗൗരവമായി കണ്ട് നടപടി സ്വീകരിക്കും.

പരസ്പര സ്ഥലം മാറ്റത്തിനുള്ള അപേക്ഷകൾ പരിഗണിക്കുന്നതല്ല.

ഭാര്യയും ഭർത്താവും ബോർഡ് ജീവനക്കാരായ കേസുകളിൽ കഴിവതും ഇരുവരെയും ഒരേ സ്റ്റേഷനിൽ നിയമിക്കാവുന്നതാണ്.

നോട്ട്: ഭാര്യയും ഭർത്താവും കേരള സ്റ്റേറ്റ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിലിമിറ്റഡിലെ ജിവനക്കാരായിരിക്കുകയും അവരിൽ ഒരാൾ ഒരു സ്റ്റേഷനിൽ മുന്നു വർഷം സേവനം പൂർത്തിയാക്കുകയും മറ്റെയാളുടെ മുന്നുവർഷം സേവനം പൂർത്തിയാകാതിരിക്കുകയും ചെയ്യുന്ന പക്ഷം ഇരുവരും മൂന്നുവർഷം അവിടെ പൂർത്തിയാകുവരെയോ ഏതെങ്കിലുമൊരാൾ അഞ്ചു വർഷം സേവനം പൂർത്തിയാക്കുകയോ ഏതാണ് ആദ്യം അതുവരെ അവരെ ആ സ്റ്റേഷനിൽ നിലനിർത്തേണ്ടതാണ്.

ഒരു സ്റ്റേഷനിലേക്ക് ഏതെങ്കിലും ജീവനക്കാരന്റെ സാധുവായ ഒരപേക്ഷയുണ്ടെങ്കിൽ ഒരു തൊഴിലാളിയെയും ആ സ്റ്റേഷനിൽ മൂന്നു വർഷത്തിൽ കൂടുതൽ തുടരാൻ അനുവദിച്ചുകൂട. ഒരു സ്റ്റേഷനിലേക്ക് സ്ഥലമാറ്റത്തിനായി സാധുവായ അപേക്ഷകൾ പരിഗണിക്കുന്നതിന് ഒഴിവുകൾ ഇല്ലാത്ത സാഹചര്യത്തിൽ അവിടെ തുടർച്ചയായി മൂന്നു വർഷമോ അതിൽ കൂടുതലോ സേവനമനുഷ്ഠിച്ചവർ സ്ഥലമാറ്റത്തിന് വിധേയരക്കുന്നതാണ്. ഒരു സ്റ്റേഷനിൽ ദീർഘക്കാലം പ്രവർത്തിച്ച ജീവനക്കാരെ അകലെയുള്ള സ്റ്റേഷനുകളിലേക്കും കുറഞ്ഞക്കാലം സേവനം അനുഷ്ഠിച്ചവരെ അധികം ദൂരെല്ലാത്ത സ്ഥലങ്ങളിലേക്ക് സ്ഥലം മാറ്റി നിയമിക്കേണ്ടതാണ്. വർക്കിങ് അറേഞ്ച്മെന്റ്/ വിദേശ സേവനം/ ചികിത്സാവശ്യത്തിനെഴികെയുള്ള ശൂന്യവേതനാവധി കാലയളവുകൾ സ്റ്റേഷൻ സീനിയോറിറ്റി കണക്കാക്കുന്നതിന് പരിഗണിക്കും.

നോട്ട് 1: എന്നാൽ ലൈൻമാൻ ഗ്രേഡ് 1 തസ്തികയ്ക്കും അതിൽ കുറവുള്ള കേഡറിലുള്ളവർക്കും മേൽപ്പറഞ്ഞ കാലയളവ് 5 വർഷമായിരിക്കും.

നോട്ട് 2: 3 വർഷത്തിൽ കൂടുതൽ ജോലി ചെയ്യുന്ന എക്സിക്യൂട്ടീവ് തലത്തിലെ എല്ലാ വിഭാഗത്തിൽപ്പെട്ട ജീവനക്കാരെയും ഫീൽഡ് ഡ്യൂട്ടിയിൽ നിയമിക്കണം.

നോട്ട് 3: മേൽപ്പറഞ്ഞ വ്യവസ്ഥകളോട് ഒരു മുൻവിധിയുമില്ലാതെ, ലൈൻമാൻ ഗ്രേഡ് 1നോ അതിൽ താഴെയോയുള്ള കേഡറിലെ തൊഴിലാളികൾ/ മറ്റ് വർക്ക്മെൻ എന്നിവർ ഒരേ സെക്ഷൻ ഓഫീസിൽ യഥാക്രമം 5/3 വർഷങ്ങളിൽ കൂടുതൽ തുടരാൻ പാടില്ല. അങ്ങനെ ജോലിചെയ്യുന്നവരെ മാറ്റുന്ന പക്ഷം ആ സെക്ഷൻ ഓഫീസിലെ ഓരോ കാറ്റഗറിയിലെയും തൊഴിലാളികളുടെ എണ്ണത്തിന്റെ 50 ശതമാനത്തിലധികമാകരുത്.

നോട്ട് 4: ഇലക്ട്രിസിറ്റി വർക്കർമാർക്ക് അവരെ റിക്രൂട്ട് ചെയ്ത ജില്ലയ്ക്ക് പുറത്ത് സ്ഥലമാറ്റത്തിന് അപേക്ഷിക്കാൻ അനുവാദമില്ല.

VI. മലബാർ മേഖലയിൽ വാസസ്ഥലത്തിന് 250 കി.മീ അകലെയും വിദൂരസ്ഥ പ്രദേശങ്ങളിലും മലമ്പ്രദേശങ്ങളിലും ജോലി ചെയ്യുന്നവർക്കും ഒരു വർഷം തുടർച്ചയായി സേവനം പൂർത്തിയാക്കിയാൽ സ്ഥലമാറ്റത്തിന് അർഹതയുണ്ട് (അനുബന്ധം ii ). 250 കി.മീറ്ററിനുള്ളിൽ മറ്റേതെങ്കിലും സ്ഥലങ്ങളിൽ ജോലി ചെയ്യുന്നവർക്ക് ആ സ്റ്റേഷനിൽ തുടർച്ചയായി 2 വർഷം പൂർത്തിയാക്കിയാൽ സ്ഥലമാറ്റത്തിന് അർഹതയുണ്ട്. നിയമാനുസൃതമായ 1 വർഷം/2 വർഷം സേവനം പൂർത്തിയാക്കാതെ ഈ ഉത്തരവിലെ 6-ബി ചട്ടത്തിൽ പരാമർശിച്ച കാരണങ്ങളാലല്ലാതെ സ്വന്തം വാസസ്ഥലത്തേക്ക് മടങ്ങിയാൽ അത്തരം സ്ഥലമാറ്റത്തിന് മുമ്പ് വാസസ്ഥലത്തെ സ്റ്റേഷനിൽ പ്രവർത്തിക്കാൻ തുടങ്ങിയ ദിവസം തൊട്ടായിരിക്കും ആ വ്യക്തിയുടെ സീനിയോറിറ്റി കണക്കാക്കുക. മേൽപ്പറഞ്ഞ അകലം കണക്കാക്കുന്നത് റോഡു മാർഗത്തിലുള്ള ദൂരംവച്ചായിരിക്കും. അംഗീകൃത ട്രേഡ് യൂണിയനുകളുമായി ചർച്ച ചെയ്തശേഷം ചീഫ് എഞ്ചിനിയർ (എച്ച്ആർഎം) ആയിരിക്കും പൊതുസ്ഥലമാറ്റത്തിന് അപേക്ഷിക്കാൻ യോഗ്യമായ Cut- Off തീയതി തീരുമാനിക്കുക.

വാസസ്ഥലത്തെ സ്റ്റേഷനിലേക്കുള്ള സ്ഥലമാറ്റ അപേക്ഷകൾ താഴെ കാണിച്ച ക്രമത്തിലും മുൻഗണനാടിസ്ഥാനത്തിലുമായിരിക്കും പരിഗണിക്കുക.

a. ഒഴിവുകളുടെ അഭാവത്തിൽ വാസസ്ഥലത്തേക്കുള്ള സാധുവായ അപേക്ഷകൾ പരിഗണിക്കാൻ സാധ്യമല്ലാത്ത അവസരത്തിൽ, അത്തരം അപേക്ഷകർക്ക് ക്യൂ സൗകര്യം ലഭ്യമാകുന്നതാണ്. ഈ സന്ദർഭത്തിൽ അപേക്ഷകനെ ക്യൂവിലേക്ക് മാറ്റുകയും വാസസ്ഥലത്ത് തുടർന്ന് വരുന്ന ഒഴിവുകളിൽ ക്യൂവിൽ നിൽക്കുന്നവർക്കായിരിക്കും. പ്രഥമപരിഗണന.

b.തൊഴിലിനിടയിലോ തൊഴിലിന്റെ ഭാഗമായോ അപകടത്തിനിരയാകുന്നവർ/ ഗുരുതരമായ രോഗമുള്ള ജീവനക്കാർ/ വിധവകൾ/ വിഭാര്യർ. വാസസ്ഥലത്തെ

സ്റ്റേഷന് പുറത്ത് ജോലി ചെയ്യുന്നവർ ഇത്തരം അപകടങ്ങൾക്കോ ഗുരുതര രോഗങ്ങൾക്കോ (അവരുടെ പങ്കാളികളോ കുട്ടികളോ ഉൾപ്പെടെ) ഇരയാകുന്ന പക്ഷം ഒരു വർഷം / രണ്ടു വർഷം എന്ന നിശ്ചിതമായ കാലയളവ് നിർബന്ധമാക്കേണ്ടതില്ല. വൈകല്യം 40 ശതമാനത്തിൽ കുറയാൻ പാടില്ല.

c. പട്ടികവർഗ്ഗം

d. പട്ടികജാതി

e. ഭിന്നശേഷിയുള്ളവർ(വൈകല്യം 40 ശതമാനമോ അതിൽ കൂടുതലോ)

f. രണ്ടു വർഷത്തിനകം സർവീസിൽ നിന്ന് വിരമിക്കുന്നവർ

g. രണ്ടു  വയസ്സിൽ കുറവ് പ്രായമുള്ള കുഞ്ഞുങ്ങളുടെ അമ്മമാർ

h. ഗർഭിണികൾ

i. വിധവകൾ, പുനർവിവാഹം വരെ

j. വിഭാര്യർ, പുനർവിവാഹം വരെ

k. പങ്കാളിക്കോ കുട്ടികൾക്കോ ആശ്രിതർക്കോ ഗുരുതര രോഗമുള്ളവർ

l. ഭിന്നശേഷിയുള്ള കുട്ടികളുടെ മാതാപിതാക്കൾ

m. നിയമപരമായി ദത്തെടുത്ത കുട്ടികളുടെ മാതാപിതാക്കൾ

n. വന്ധ്യത ചികിത്സക്ക് വിധേയരാകുന്ന ജീവനക്കാർ, ചികിത്സ തുടങ്ങിയ ദിവസം മുതൽ 10 വർഷമായി ചികിത്സ തുടരുന്നവർ(ഇത് സ്ഥാപിക്കാനുള്ള സർട്ടിഫിക്കറ്റുകൾ വേണം)

o. സ്ത്രീകൾ

p. മിശ്രജാതി/ മിശ്രമത വിവാഹം ചെയ്ത ദമ്പതികൾ(മിശ്രജാതി/ മിശ്ര മത വിവാഹം ചെയ്തവരാണെന്ന് തെളിയിക്കുന്നതിന് അധികാരികൾ നൽകുന്ന സർട്ടിഫിക്കറ്റ് നിർബന്ധം)

q. രാജ്യത്തിന്റെ  മറ്റു ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന സൈനികരുമായോ കേരളത്തിന് പുറത്ത് പ്രവർത്തിക്കുന്ന അർധസേനാംഗങ്ങളുമായോ അടുത്ത ബന്ധമുള്ളവർ(കുടുംബബന്ധത്തിന്റെ വിശദാംശങ്ങൾ അനുഛേദം VII (n)

r. വിമുക്ത ഭടന്മാർ

s. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിന്ന് മുൻകൂർ അനുമതി വാങ്ങി എഞ്ചിനിയറിങ്ങിൽ പാർട്ടൈം ഡിഗ്രി/ ഡിപ്ലോമ കോഴ്സുകൾ, സിഎ/ ഐസിഡബ്ലിയുഎഐ കോഴ്സുകൾക്കു പഠിക്കുന്നവർ.

t. വാസസ്ഥലത്തുള്ള സ്റ്റേഷനുകളിലേക്ക് സ്ഥലം മാറ്റത്തിന് അപേക്ഷ പരിഗണിക്കുന്നത് വിദൂരസ്ഥമേഖലകൾ, മലമ്പ്രദേശങ്ങൾ, മലബാർ  പ്രദേശം എന്നിങ്ങനെയുള്ള ക്രമത്തിലും മുൻഗണനയിലുമായിരിക്കും.

<u>നോട്ട് 1:</u> ഈ അനുഛേദത്തിന്റെ ആവശ്യത്തിനായി മൊത്തം തുടർച്ചായ സേവനം കണക്കാക്കുമ്പോൾ വർക്കിങ് അറേഞ്ച്മെന്റ്/ വിദേശ സേവനം എന്നിവ വാസ

സ്ഥലത്ത് പ്രവർത്തിച്ച കാലയളവായാണ് കണക്കാക്കുക. ഇത്തരം സന്ദർഭങ്ങളിൽ അപേക്ഷകൻ വാസസ്ഥലത്തെ സ്റ്റേഷനിലേക്ക് സ്ഥലം മാറ്റത്തിന് പരിഗ ണിക്കുന്നതിന് നിശ്ചയിച്ചുള്ള മിനിമം കാലയളവ് പൂർത്തിയാക്കിയിരിക്കണം.

<u>നോട്ട് 2:</u> വാസസ്ഥലങ്ങളിൽ നിന്ന് വളരെ അകലെ സ്ഥലങ്ങളിലേക്ക് സ്ഥലമാറി പ്രവർത്തിക്കുന്നവരെ വാസസ്ഥലത്തിന് അടുത്തുള്ള സ്റ്റേഷനുകളിൽ നിയമിക്കു ന്നതിന് മുൻഗണന നൽകണം. താൽപര്യമുള്ള സ്ഥലത്തേക്ക് നിയമനം കിട്ടുന്ന തിന് സോഫ്റ്റ്‌വെയറിൽ ആവശ്യമായ വ്യവസ്ഥയുണ്ട് വാസസ്ഥലത്തുള്ളതോ സമീപത്തുള്ളതോ ആയ സ്റ്റേഷനിലേക്ക് സ്ഥലമാറ്റത്തിന് യോഗ്യതയുള്ള ജീവന ക്കാരുടെ കേസുകളിൽ ഇക്കാര്യം സ്ഥലമാറ്റ അപേക്ഷ സമർപ്പിക്കുന്ന സമയത്തു തന്നെ ഓപ്റ്റ് ചെയ്യണം.

VII. സ്ഥലമാറ്റത്തിൽനിന്നുള്ള സംരക്ഷണം ഇനി പറയുന്ന സന്ദർഭങ്ങളിൽ അനുവദിക്കാം

a. അംഗീകൃത പൊതുതൊഴിലാളി യൂണിയനുകളിലെ കെഎസ്ഇബി ലിമിറ്റഡിലെ മൊത്തം തൊഴിലാളികളുടെ (പരമാവധി 100ൽ കവിയാത്ത) എണ്ണം തൊഴിലാളിക ൾക്ക് സ്ഥലമാറ്റത്തിൽനിന്ന് സംരക്ഷണം നൽകും. ഈ ആവശ്യത്തിലേക്കായി സമയാസമയത്തും ഹിതപരിശോധനയിലൂടെ യൂണിയനുകളുടെ അംഗത്വം സൂക്ഷ്മമായി പരിശോധിക്കും. സ്ഥലമാറ്റത്തിൽനിന്ന് സംരക്ഷണം നേടേണ്ട ജീവനക്കാ രുടെ പട്ടിക ഓരോ വർഷവും  സ്ഥലമാറ്റ അപേക്ഷ നൽകേണ്ട അവസാന ദിവസ ത്തിന് മുമ്പ് ചീഫ് പെഴ്സണൽ ഓഫീസർക്ക് നൽകണം. സംരക്ഷിക്കപ്പെട്ട ജീവന ക്കാരുടെ പട്ടിക ഓരോ വർഷവും ചീഫ് പെഴ്സ്ണൽ ഓഫീസർ പ്രഖ്യാപിക്കു കയും അത് ഒരു വർഷം വരെയോ അംഗീകൃത ട്രേഡ് യൂണിയനുകളുടെ അടുത്ത ജനറൽ ബോഡിവരെയോ അടുത്ത ഹിതപരിശോധനവരെയോ ഇവയിൽ ഏതാണ് ആദ്യം അത് വരെ പട്ടിക നിലനിൽക്കും. അംഗീകൃത ട്രേഡ് യൂണിയനുകൾക്ക് ചീഫ് പെഴ്സ്ണൽ ഓഫീസർ മുൻകൂട്ടി അപേക്ഷ നൽകി സംരക്ഷിത ജീവനക്കാ രുടെ പട്ടികയിൽനിന്ന് ഏതുസമയത്തും പേര് പിൻവലിക്കാം.  എന്നാൽ  പകരം ആളെ നിർദ്ദേശിക്കാൻ അവകാശമില്ല.  ഒരു വർഷം ചീഫ് പേഴ്സണൽ ഓഫീ ഗക്ത സംരക്ഷിത ജീവനക്കാരുടെ പട്ടിക പ്രഖ്യാപിക്കുന്നതോടെ മുൻ വർഷത്തെ പട്ടിക അസാധുവാകും.

b.പട്ടികജാതി/ പട്ടിക വിഭാഗത്തിൽപ്പെട്ട ജീവനക്കാരെ തുടർച്ചയായി 5 വർഷം അവരുടെ വാസസ്ഥലത്തെ സ്റ്റേഷനിൽ നിലനിർത്താം.

c. മിശ്രജാതി/ മിശ്രമതവിവാഹം നടത്തുന്ന ജീവനക്കാരെ വിവാഹ തീയതി മുതൽ തുടർച്ചയായി 5 വർഷം വാസസ്ഥലത്തെ സ്റ്റേഷനുകളിൽ നിലനിർത്താവുന്നതാ ണ്. മൊത്ത സേവന കാലയളവിൽ ഒരു തവണ മാത്രമാണ് ഈ സംരക്ഷണം ലഭി ക്കുക. ഈ വ്യവസ്ഥ പ്രകാരം സംരക്ഷണം ലഭിക്കുന്നതിന് അപേക്ഷകർ യോഗ്യ രായ അധികൃതരിൽ നിന്ന് ഇന്റർകാസ്റ്റ്/ ഇന്റർ റിലിജിയൻ മാരേജ് സർട്ടിഫിക്കറ്റ് വാങ്ങി സമർപ്പിക്കണം.

d. തൊഴിൽ സമയത്തോ തൊഴിലിന്റെ ഭാഗമായോ ഗുരുതരമായ അപകട ത്തിൽപ്പെടുന്നവർ

e.ജീവനക്കാരോ പങ്കാളിക്കോ കുട്ടികൾക്കോ ആശ്രിതരായ മാതാപിതാക്കളോ ഗുരുതര രോഗമുള്ളവരെങ്കിൽ

f. വിധവകൾ/ വിഭാര്യർ എന്നിവരെ പുനർവിവാഹം വരെ സാധാരണഗതിയിൽ സ്ഥലം മാറ്റാൻ പാടില്ല.

g. കുഞ്ഞുള്ള അമ്മയെ, കുഞ്ഞിന് 2 വയസ്സാകുംവരെ സ്ഥലം മാറ്റരുത്.

h.ഗർഭിണികൾ

i. ഭിന്നശേഷിയുള്ള ജീവനക്കാർ

j.അപകടങ്ങളിൽപ്പെട്ട് സ്ഥിരമോ ഭാഗികമോ ആയ വൈകല്യം സംഭവിച്ചവർ (വൈകല്യം 40 ശതമാ നവും അതിലേറെയും)ക്ക് യോഗ്യരായ അധികൃതർ നൽകുന്ന സാധുവായ മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ സ്ഥലമാറ്റത്തിൽ നിന്ന് സംരക്ഷണം ലഭിക്കും.

k. ജീവനക്കാരുടെ ഭിന്നശേഷിയുള്ള കുട്ടികൾക്ക് അവരുടെ ചലനങ്ങൾക്ക് മാതാപിതാക്കളുടെ സാമീപ്യം ആവശ്യം വരുന്ന പക്ഷം അവർക്കും സ്ഥലമാറ്റത്തിൽ നിന്ന് സംരക്ഷണം ലഭിക്കും. ഇത്തരം കുട്ടികളുടെ മാതാപിതാക്കൾ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ജീവനക്കാരാണെങ്കിൽ ഇരുവർക്കും സംരക്ഷണം ലഭിക്കും.

l. നിയമപരമായി ദത്തെടുക്കപ്പെട്ട കുട്ടികളുടെ മാതാപിതാക്കൾക്ക് ദത്തെടുത്ത ദിവസം മുതൽ 5 വർഷത്തേക്ക് സംരക്ഷണം ലഭിക്കും.

m. വന്ധ്യത ചികിത്സ തുടങ്ങി 10 വർഷമായി ചികിത്സ തുടരുന്ന ജീവനക്കാർ (സാധുവായ സർട്ടിഫിക്കറ്റ് ഹാജരാക്കണം).

n. കേരളത്തിന് പുറത്ത് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ സേവനമനുഷ്ഠിക്കുന്ന സൈനികരുമായും കരളത്തിന് പുറത്തുസേവനമനുഷ്ഠിക്കുന്ന അർധസൈനികരുമായുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് സ്ഥലമാറ്റത്തിൽ നിന്ന് സംരക്ഷണം അനുവദിക്കാം. ഇതിനാവശ്യമായ വിധത്തിൽ സൈനിക /അർധ സൈനിക അധികൃതരുടെ സർട്ടിഫിക്കറ്റ്/ ശുപാർശ നേരിട്ട് ചീഫ് എഞ്ചിനിയർ(എച്ച്ആർഎം) ക്കാണ് അഭിസംബോധന ചെയ്യേണ്ടത്. ഈ ആവശ്യത്തിനായി ബന്ധുകൾ എന്നർഥമാക്കുന്നത്.

1. ഭാര്യ/ഭർത്താവ്
2. മകൻ
3. വിവാഹം കഴിയാത്ത മകൾ
4. സഹോദരൻ(മാതാപിതാക്കൾക്ക് ആശ്രയമായ)
5. വിവാഹം കഴിയാത്ത സഹോദരി

മേൽപ്പറഞ്ഞ അനുഛേദം VII(n)(4) ന്റെ അടിസ്ഥാനത്തിൽ സംരക്ഷണത്തിനും മുൻഗണനയ്ക്കും
ബന്ധപ്പെട്ട റവന്യൂ അധികൃതർ നൽകുന്ന ഡിപ്പൻഡൻസി സർട്ടിഫിക്കറ്റ് നിർബന്ധം. മൊത്തം സേവന കാലത്തെ സംരക്ഷണ കാലയളവ് ഒരു കാരണവശാലും 5 വർഷത്തിൽ കൂടുതലാവാൻ പാടില്ല.

o. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ചുമതലപ്പെടുത്തിയ അധികൃതരുടെ മുൻകൂർ അനുമതിയും അംഗീകാരവും വാങ്ങി ഗവൺമെന്റ് എഞ്ചിനിയറിങ് സ്ഥാപനങ്ങളിൽ പാർട്ടൈം ഡിഗ്രി കോഴ്സിനും, സിഎ, കോസ്റ്റ് അക്കൗഡൻസി കോഴ്സുകൾക്കും പഠിക്കുന്നവർക്ക് സ്ഥലമാറ്റത്തിൽ നിന്നുള്ള സംരക്ഷണം നൽകാം. ഓരോ വർഷത്തെയും അറ്റൻഡൻസ് സർട്ടിഫിക്കറ്റ് നിർബന്ധമായും സമർപ്പിക്കണം. പാർട്ടൈം ഇലക്ട്രിക്കൽ എഞ്ചിനിയറിങ് കോഴ്സുകളുടെ കാര്യത്തിൽ പരമാവധി നൽകാവുന്ന സംരക്ഷണം 50 എണ്ണത്തിൽ കൂടാൻ പാടില്ല. പാർട്ടൈം സിവിൽ എഞ്ചിനിയറിങ് ഡിഗ്രി കോഴ്സിന് 50, പാർട്ടൈം ഡിപ്ലോമ ഇൻ ഇലക്ട്രിക്കൽ എഞ്ചിനിയറിങ് കോഴ്സിന് 50, പാർട്ടൈം ഡിപ്ലോമ ഇൻ സിവിൽ എഞ്ചിനിയറിങ് 50, സിഎ, കോസ്റ്റ് അക്കൗഡൻസി കോഴ്സുകൾക്ക് 5 എന്നിങ്ങനെയാണ് കണക്ക്. എസ്സി/എസ്ടി വിഭാഗത്തിൽപ്പെട്ടവർക്ക് ഇലക്ട്രിക്കൽ എഞ്ചിനിയറിങ് ഡിഗ്രി കോഴ്സുകൾക്ക് 5 എണ്ണം, പാർട്ടൈം ഡിപ്ലോമ ഇൻ ഇലക്ട്രിക്കൽ എഞ്ചിനിയറിങ് കോഴ്സിന് ഒന്നും പാർട്ടൈം ഡിപ്ലോമ ഇൻ സിവിൽ എഞ്ചിനിയറിങ് ഒന്നും കൂടുതലായി അനുവദിക്കാം. എന്നാൽ കോഴ്സിന് റജിസ്റ്റർ ചെയ്ത ദിവസം തൊട്ട് 4 വർഷത്തേക്ക് മാത്രമേ സംരക്ഷണം ലഭിക്കൂ.

p.ഇലക്ട്രിസിറ്റി എംപ്ലോയീസ് കോ ഓപ്പറേറ്റീവ് സൊസൈറ്റിയിലെ ബോർഡ് ഓഫ് ഡയറക്ടേഴ്സിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ. ഈ സംരക്ഷണം ജീവനക്കാരുടെ മൊത്തം സർവ്വീസിൽ ഒറ്റ തവണയേ ലഭിക്കൂ. ഈ സംരക്ഷണം ലഭിക്കുന്ന വസ്തുത എച്ച്ആർഐഎസ് സോഫ്റ്റ്‌വെയറിൽ ചീഫ് പെഴ്സണൽ ഓഫീസർ രേഖപ്പെടുത്തണം. (എംപ്ലോയീസ് കോ ഓപ്പറേറ്റീവ് സൊസൈറ്റി എന്നതുക്കൊണ്ട് അർഥമാകുന്നത് ദ കേരള കോ ഓപ്പറേറ്റീവ് സൊസൈറ്റിസ് ആക്ട് 1955 പ്രകാരം രജിസ്റ്റർ ചെയ്തതും കെഎസ്ഇബി ലിമിറ്റഡിലെ എല്ലാ വിഭാഗത്തിൽപ്പെട്ട ജീവനക്കാരും അംഗങ്ങളായതുമാണ്.

q. സർവ്വീസിൽ നിന്ന് വിരമിക്കാൻ 2 വർഷം മാത്രമുള്ളവർ സംരക്ഷിക്കപ്പെടണം

r. ചീഫ് പെഴ്സണൽ ഓഫീസർ തയ്യാറാക്കിയ പട്ടികയിലെ സ്ത്രീകളും പുരുക്ഷന്മാരുമായ കായിക താരങ്ങൾക്ക് ബോഡ് ഇതു സംബന്ധിച്ച് ഇറക്കിയ ഉത്തരവുകൾക്ക് വിധേയമായി സ്ഥലം മാറ്റത്തിൽ നിന്ന് സംരക്ഷമം നൽകണം. ഇത്തരത്തില സജീവമായ കായിക താരങ്ങളിലുടെ പട്ടിക പരിശോധനകൾക്കായി ചീഫ് പെഴ്സണൽ ഓഫീസർ അംഗീകൃത ട്രേഡ് യൂണിയനുകൾക്ക് നൽകണം. പരാതികളുണ്ടെങ്കിൽ ചീഫ് പെഴ്സണൽ ഓഫീസർ അത് കേൾക്കുകയും യോഗ്യത തീരുമാനിക്കുകയും ചെയും.

s. പൊതുസ്ഥലമാറ്റത്തിന്റെ സമയത്ത് പ്രമോഷൻ നടക്കുകയും പ്രമോട്ട് ചെയ്യപ്പെടുന്നയാൾ വാസസ്ഥലത്തെ സ്റ്റേഷനിൽ 3 വർഷം സേവനം പൂർത്തിയായക്കാതിരിക്കുകയും ചെയ്യുന്ന പക്ഷം ആ ജീവനക്കാരൻ/ ജീവനക്കാരിയെ ആ സ്റ്റേഷനിൽ നിലനിർത്താം.നിർബന്ധമെങ്കിൽ ആ സ്റ്റേഷനിൽ 3 വർഷം പൂർത്തിയാക്കിയ വർക്ക്മാനെ മാറ്റാം. എന്നാൽ അതേ സ്റ്റേഷനിൽ തന്നെ നിലനിർത്തുന്ന

തിനുള്ള ഒരവകാശവും ഇത് പ്രമോട്ട് ചെയ്യപ്പെട്ടയാൾക്ക് നൽകുന്നില്ല. ഭരണപരമായ കാര്യങ്ങൾക്ക്വേണ്ടി സംരക്ഷണം അനുവദിക്കില്ല.

t. ഇന്റേർണൽ സ്ഥലം മാറ്റത്തിന്റെ കാര്യത്തിൽ താഴെ പറയുന്ന വിഭാഗത്തിലുള്ള ജീവനക്കാർക്ക് അതേ ഓഫീസിൽ നിലനിൽക്കാനുള്ള സംരക്ഷണം ലഭിക്കും.

1. അംഗീകൃത ട്രേഡ് യൂണിയനുകളിലെ സംരക്ഷിത വർക്ക് മാൻമാർ
2. ഇലക്ട്രിസിറ്റി എംപ്ലോയീസ് കോ ഓപ്പറേറ്റീവ് സൊസൈറ്റിയിലെ ഡയറക്ടർ ബോർഡ് അംഗങ്ങൾ
3. രണ്ട് വർഷത്തിലുള്ളിൽ സർവീസിൽ നിന്ന് വിരമിക്കുന്നവർ

## VIII. <u>പൊതുവായ കാര്യങ്ങൾ</u>

1. പൊത സ്ഥലംമാറ്റ സമയത്തും ഇന്റേണൽ ട്രാൻസ്ഫർ സമയത്തും ജീവനക്കാരെ മാറ്റ നിയമിക്കുമ്പോൾ താഴെ പറയുന്ന ക്രമ കർശനമായി പാലിക്കണം. എസ്സിക്യൂട്ടീവ് സ്റ്റാഫിന്റെ കാര്യത്തിൽ മുൻഗണനാക്രമം ഇങ്ങനെ:-

a. ഇലക്ട്രിക്കൽ സെക്ഷൻ
b. ജനറേറ്റിംഗ് സ്റ്റേഷൻ
c. സബ് സ്റ്റേഷൻ
d. ഡിവിഷൻ ഓഫീസ്
e. സർക്കിൾ ഓഫീസ്
f. കോർപറേറ്റ് ഓഫീസ്
g. മറ്റ് ഓഫീസുകൾ

മിനിസ്റ്റീരിയർ ജീവനക്കാരുടെ കാര്യത്തിൽ മുൻഗണനാക്രമം ഇങ്ങനെ:-

a. ഡിവിഷൻ ഓഫീസ്
b. റിജീയണൽ ഓഡിറ്റ് ഓഫീസ്
c. ചീഫ് എഞ്ചിനീയർ ഓഫീസ്
d. കോർപറേറ്റ് ഓഫീസ്
e. സെക്ഷൻ ഓഫീസ്
f. മറ്റ് ഓഫീസുകൾ

സിവിൽ വിങ്ങിൽ ജിവനക്കാരെ നിയമിക്കുമ്പോൾ താഴെ പറയുന്ന മുൻഗണനാക്രമം കർശമനായി പാലിക്കണം.

a. ജനറേഷൻ പ്രോജക്ട് കൺസ്ട്രക്ഷൻ
b.. ഇൻവെസ്റ്റിഗേഷൻ വർക്ക്സ്
c. ഡാം സുരക്ഷ
d. ട്രാൻസ്മിഷൻ പ്രോജക്ട് കൺസ്ട്രക്ഷൻ
e. മറ്റ് ഓഫീസുകൾ

2. രണ്ടോ അതിലധികമോ ജീവനക്കാർ സ്ഥമാറ്റത്തിന് അർഹരായിരിക്കകയും ആവശ്യത്തിന് ഒഴിവുകൾ ഉണ്ടാകാതിരിക്കുകകയും ചെയ്യുന്ന സാഹചര്യത്തിൽ വയസ്സും സേവനകാലയളവും ദൂരവും പരിഗണിച്ച് വെയിറ്റേജ് നൽകാം.

3. സിവിൽ വിങ്ങിലെ വനിതാ ജീവനക്കാരെയും 50 വയസ്സു പൂർത്തിയാക്കിയ ജീവനക്കാരെയും സാധാരണഗതിയിൽ ഇൻവെസ്റ്റിഗേഷൻ വിഭാഗത്തിൽ നിയമിക്കാറില്ല.

4. പ്രോജക്ടുകളിൽ പോസ്റ്റിങ്ങിനായി അപേക്ഷിച്ചവരെ നിയമിക്കുന്ന കാര്യം പരിഗണിക്കമ്പോൾ പ്രോജക്ടുകളിൽ സേവനം നടത്തിയിട്ടില്ലാത്തവർക്ക് മുഗനമ നൽകണം. പ്രോജക്ടുകളിൽ പോസ്റ്റിങ്ങിനായി രണ്ടോ അതിലേറെയോ ജിവനക്കാർ അപേക്ഷിച്ചിട്ടുണ്ടെങ്കിൽ കുറഞ്ഞ പ്രോജക്ട് സർവീസുള്ളവർക്ക് മുൻഗണന നല്കും.

5. വനിതാ ജീവനക്കാർക്ക് കഴിയാവുന്ന വിധം അവരുടെ വാസസ്ഥലത്തിന് അടുത്തുള്ള സ്റ്റേഷനുകളിൽ നിയമനം നൽകാം. ട്രാൻസ്ഫർ ചെയ്യപ്പെടുന്ന വനിതാ ജീവനക്കാർക്ക് താഴെ പറയുന്ന മുൻഗണനാ ക്രമത്തിൽ നിയമനം നൽകാകം.

1. ജില്ലാ ഹെഡ്ക്വാർട്ടേഴ്സ്
2. താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ്
3. റെയിൽവേസ്റ്റേഷൻ, ബസ് സ്റ്റേഷൻ എന്നിവ അടുത്തുള്ള സ്ഥലങ്ങൾ (അനുബന്ധം II)

6. കാഷ്വൽ ലീവ്, സ്പെഷ്യൽ കാഷ്വൽ ലീവ്, സ്പെഷ്യൽ ഡിസമബിലിറ്റി ലീവ്, മറ്റേർണിറ്റി ലീവ്, പറ്റേർണിറ്റി ലീവ് എന്നിവയല്ലാത്ത ലീവുകൾ ഒഴിച്ചു നിർത്തി ഒരു സ്റ്റേഷനിൽ ഒരു വർഷത്തിൽ കുറയാത്ത സജീവ സേവനം നടത്തിയ ജീവനക്കാരന്/ ജീവനക്കാരിക്ക് മാത്രമേ സ്ഥലം മാറ്റത്തിന് അപേക്ഷിക്കാൻ അരഹതയുള്ളു.

7. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ജീവനക്കാരുടെ ആശ്രിതരായ പങ്കാളികൾക്ക് കംപാഷനേറ്റ് അപ്പോയ്ന്റ്മെന്റ് സ്കീം പ്രകാരമുള്ള ആദ്യ നിയമനം കഴിവതും അവരുടെ വാസസ്ഥലത്തിവടുത്തുള്ള സ്റ്റേഷനിലോ അവർക്ക് താൽപര്യമുള്ള ഇടങ്ങളിലോ നൽകണം.

8. വാസസ്ഥലത്തെ സ്റേറേഷനുകളിലേക്കുള്ള സ്ഥമംമാറ്റം പരിഗണിക്കുമ്പോൾ ജിവനക്കാരുടെ പുറത്തുള്ള നിശ്ചയിക്കപ്പെട്ട യഥാർഥ സജീവ സേവന കാലയളവ് മാത്രമാണ് പരിഗണിക്കുക. വർക്കിങ് അറേഞ്ച്മെന്റും വിദേശ ജോലിയും കാഷ്യൽ ലീവ്, സ്പെഷ്യൽ ഡിസബിലിറ്റ് ലീവ്, മറ്റേർണിറ്റി ലീവ്, പറ്റേർണിറ്റി ലീവ് എന്നിവ ഒഴികെയുള്ള അവധികളും യഥാർത്ഥ സേവന കാലയളവായി പരിഗണിക്കില്ല.

9. വാസസ്ഥലത്തെ സ്റ്റേഷനുകളിലേക്കുള്ള അപേക്ഷ കൂടാതെ വീദൂരസ്ഥ/ മലമ്പ്രദേശങ്ങളിലേക്ക് സ്ഥലംമാറ്റത്തിനും യോഗ്യരായ ജീവനക്കാരുടെ അപേക്ഷകൾ അത്തരം പ്രദേശങ്ങളിൽ തസ്തിക ഒഴിവു വരുന്ന മുറയ്ക്ക് പരിഗണിക്കും.

10. ഭിന്നശേഷിയുള്ള വ്യക്തികൾക്കുള്ള (തുല്യാവകാശവും അവകാശ സംരക്ഷണവും പൂർണ പങ്കാളിത്തവും) നിയമം 1995 ലെ വ്യവസ്ഥകൾ പ്രകാരം കെഎസ്ഇബിയിൽ സെക്ഷൻ ഓഫീസുകളിൽ നിലനിർത്തുന്ന വർക്ക്മാൻമാരെ സൂപ്പർന്യൂമറി തസ്തികകളിൽഉൾക്കൊള്ളിക്കണം.

11. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ എല്ലാ സ്ഥലം മാറ്റങ്ങളും എച്ചആർഐഎസ് സോഫ്റ്റ്‌വെയർ വഴിയായിരിക്കും നടപ്പാക്കുക.

12. അടിയന്തരാവസ്ഥ പരിഗണിച്ച് കൺട്രോളിങ് അതോറിറ്റിയുടെ അധികാരപരിധിയിൽ ഏതെങ്കിലും സ്ഥലംമാറ്റം അനിവാര്യമായി വന്നാൽ അക്കാര്യം ചീഫ് എഞ്ചിനിയർ (എച്ചആർഎം)ന് റിപ്പോർട്ട് ചെയ്യണം. അത്തരം അപേക്ഷകൾ ചീഫ് എഞ്ചിനീയർ (എച്ചആർഎം) ന്യായയമായി പരിഗണിച്ച് ആവശ്യമായ നടപടി സത്വരം കൈക്കൊള്ളുന്നതാണ്.

13. ട്രാൻസ്ഫർ ചെയ്യപ്പെട്ടവർ പെട്ടെന്ന് വിടുതൽ നൽകണം. സ്ഥലമാറ്റ ഉത്തരവ് വന്ന് 15 ദിവസത്തിൽ കൂടുതൽ ഒരാളും ആ സ്റ്റേഷനിൽ തുടരാൻ പാടില്ല. ഉത്തരവ് വന്ന് 15 ദിവസം കഴിഞ്ഞിട്ടും വിടുതൽ വാങ്ങാത്ത ജീവനക്കാരനോ ജിവനക്കാരിയോ സ്വാഭാവികമായും എച്ചആർഐഎസിൽ നിന്ന് വിടുതൽ ചെയ്യപ്പെടുകയും ഈ വിവരം അതത് ജീവനക്കാരെയും കൺടോളിങ് അതോറിറ്റിയെയും അിറയിക്കുകയും ചെയ്യും. അത്തരം ജീവനക്കാരന്റെ/ ജീവനക്കാരിയുടെ ശമ്പളം മേൽപ്പറഞ്ഞ വിടുതൽ തീയതിക്കകം അക്കൗണ്ട് റെൻഡറിങ് അതോറിറ്റിയിൽ ക്ലെയിം ചെയ്തിട്ടില്ലെങ്കിൽ അടുത്ത ശമ്പളം നിശ്ചിത കാലയളവിൽ പുതിയ ഓഫീസിൽ ഡ്യൂട്ടിക്ക് റിപ്പോർട്ട് ചെയ്യുന്നതിനെ അടിസ്ഥാനമാക്കി ട്രാൻസ്ഫർ ചെയ്യപ്പെട്ട സ്ഥലത്തെ അക്കൗണ്ട് റെൻഡറിങ് യൂണിറ്റിൽ ക്ലെയിം ചെയ്യാവുന്നതാണ്.

14. സ്ഥലംമാറ്റത്തിനും പ്രൊട്ടക്ഷനും അപേക്ഷിച്ച വർക്ക് മെൻ- മാർക്ക് അവരുടെ അപേക്ഷ കൈകാര്യം ചെയ്യുന്ന പ്രക്രിയയുടെ വിവിധ ഘട്ടങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ കൈമാറുന്നതായിരിക്കും.

15. പുതുതായി നിയമിക്കപ്പെടുന്ന ജീവനക്കാർ ആവശ്യമായ സർട്ടിഫിക്കറ്റുകൾ സഹിതം കൺട്രോളിങ്ങ് അതോറിറ്റിക്ക് മുമ്പാകെ ഡ്യൂട്ടിക്കായി റിപ്പോർട്ട് ചെയ്യേ

ണ്ടതാണ്. പുതുതായി നിയമിക്കപ്പെടുന്നവർക്കുള്ള നിയമന ഉത്തരവ് എച്ചആർ ഐഎസ് വഴിയാണ് നൽകുക.

16. എല്ലാ ജീവനക്കാരുടെയും വിവരങ്ങൾ കൺട്രോളിങ് അതോറിറ്റി സമയാസ മയത്ത് എച്ച്ആർഐഎസിൽ പുതുക്കണം. ഇക്കാര്യത്തിലുള്ള അനാസ്ഥ ഗൗരവ മായി കണക്കാകക്കുകയും വീഴ്ചയ്ക്ക് ഉത്തരവാദികളായവർക്കെതിരെ കർശന മായ അച്ചടക്ക നടപടി കൈക്കൊള്ളുന്നതുമായിരിക്കും.

IX. (മേൽപ്പറഞ്ഞ കാര്യങ്ങൾ ഉണ്ടെങ്കിലും ഏതു ജിവനക്കാരെയും അടിയന്തര ഘട്ടങ്ങളിലോ പൊതു താൽപര്യത്തിനുമേലോ സ്ഥലം മാറ്റാനുള്ള അധികാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റ ബോഡ് ലിമിറ്റഡിന് ഉണ്ടായിരിക്കും.)

17. ജീവനക്കാരുടെ തുല്യമായ വിതരണം ഉറപ്പ് വരുത്തുന്നതിനായി തൊഴിലാളി കളുടെയും ഓഫീസർമാരുടെയും ഒരു നിശ്ചിത ശതമാനം എല്ലാ ജില്ലകളിലും നില നിർത്തുന്നതായിരിക്കും. അങ്ങനെ നിലനിർത്തുന്ന ഒഴിവുകൾ ഒരു തസ്തിക യിലെ total strength ന്റെ അനുപാതത്തിലാണ് നിശ്ചയിക്കുക.

18. 2017-ലെ പൊതുസ്ഥലമാറ്റ ആവശ്യത്തിനായി, sanctioned strength എന്നത്, ഒരു തസ്തികയിലെ ഇപ്പോഴത്തെ working strength ഉം P.S.C. യിലേയ്ക്ക് റിപ്പോർട്ട് ചെയ്യപ്പെട്ട, ഓപ്പൺ മാർക്കറ്റിലെ ഉദ്യോഗാർത്ഥികൾക്ക് അവ കാശപ്പെട്ട ഒഴിവുകളും ഉൾപ്പെടുന്ന എണ്ണമായി നിജപ്പെടുത്തിയിരിക്കുന്നു.